**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1946** **04.10.2011-ൽ മറുപടിക്ക്**

## ചേരി നിർമ്മാർജനത്തിന് പുതിയ കേന്ദ്ര പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.ഡി. സതീശൻ<br>" റ്റി.എൻ. പ്രതാപൻ<br>" ഹൈബി ഈഡൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്തെ നഗരങ്ങളിലെ ചേരി നിർമ്മാർജനത്തിന് പുതിയ കേന്ദ്ര പദ്ധതി പരിഗണനയിലുണ്ടോ ; | എ) | പരിഗണനയിലുണ്ട്. രാജീവ് ആവാസ് യോജന (RAY) എന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. |
| ബി) | എങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | പ്രസ്തുത പദ്ധതിയിൽ ചേരികളിലെ ഭവന നിർമ്മാണം, അടിസ്ഥാന സൗകര്യവികസനം, പശ്ചാത്തല സൗകര്യ വികസനം, തുടങ്ങി ചേരിയുടെ സമഗ്രവികസനം ആണ് ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത പദ്ധതിയിലേയ്ക്ക് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 5 കോർപ്പറേഷനുകളെ ചേരിരഹിത നഗരങ്ങളായി ആസൂത്രണം ചെയ്യുന്നതിനുള്ള കർമ്മ പരിപാടികൾക്കായി മാത്രം 5.26 കോടി രൂപ കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. |
| സി) | ഇത് സംബന്ധിച്ച പൈലറ്റ് പദ്ധതികൾ കോർപ്പറേഷനും മുനിസിപ്പാലിറ്റികളും നിശ്ചിത സമയത്തിനകം സമർപ്പിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ; | സി | ഉണ്ട്. |
| ഡി) | ഉണ്ടെങ്കിൽ പൈലറ്റ് പദ്ധതി സമർപ്പിക്കാനുള്ള നടപടികൾ എടുക്കുമോ ; | ഡി) | പൈലറ്റ് പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ആർ.എ.വൈ. പദ്ധതിയുടെ ഭാഗമായി പൈലറ്റ് പ്രോജക്കുകൾ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് അറിയിപ്പ് സംസ്ഥാന നോഡൽ ഏജൻസിയായ കുടുംബശ്രീയിൽ നിന്നും കോർപ്പറേഷനുകൾക്ക് നൽകിയിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ 5 കോർപ്പറേഷനു |

കളിലെയും മേയർമാർ, സെക്രട്ടറിമാർ, ആർ.എ.വൈ ടീം അംഗങ്ങൾ എന്നിവർക്കായി പൈലറ്റ് പ്രോജക്റ്റുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു ശിൽപശാല 26-8-2011-ൽ കുടുംബശ്രീ നടത്തുകയുണ്ടായി. അഞ്ചു കോർപ്പറേഷനുകളിലും പൈലറ്റ് പ്രോജക്റ്റിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഇ) പൈലറ്റ് പ്രോജക്ടുമായി മുന്നോട്ട് പോയിട്ടുള്ളത് ഏതെല്ലാം സ്ഥാപനങ്ങളാണ് ;

ഇ) കേരളത്തിലെ അഞ്ച് കോർപ്പറേഷനുകളും പൈലറ്റ് പ്രോജക്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

എഫ്) ഈ പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതം എത്ര വീതമാണെന്ന് വിശദീകരിക്കുമോ;

എഫ്) RAY മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മൊത്തം അടങ്കൽ തുകയുടെ 50% കേന്ദ്ര സർക്കാർ വിഹിതം ആയിരിക്കും. 30% സംസ്ഥാന സർക്കാർ വിഹിതമായി തീരുമാനിച്ചിട്ടുണ്ട്. ബാക്കി 20% അതത് നഗര സഭകൾ വഹിക്കണം. എന്നാൽ പാർപ്പിട വികസനത്തിന് പൊതുവിഭാഗത്തിന് 12 ശതമാനവും എസ്.സി/എസ്.ടി/മറ്റു പിന്നാക്ക വിഭാഗത്തിന് 10 ശതമാനവും ഗുണഭോക്തൃവിഹിതമായി നഗരസഭ ശേഖരിക്കേണ്ടതാണ്.

ജി) ഏത് മാനദണ്ഡത്തിലാണ് ചേരി നിർമ്മാർജനത്തിന് സ്ഥലങ്ങളെ തെരഞ്ഞെടുക്കുന്നത്; വിശദാംശം അറിയിക്കുമോ ?

ജി) കേന്ദ്ര സർക്കാരിന്റെ USHA (Urban Statistics for Human Resource & Assessment) പരിപാടിയുടെ ഭാഗമായി ചേരികളുടെ സമഗ്ര സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തുന്നതിലേയ്ക്കായി തീരുമാനിക്കപ്പെട്ട ചേരികളെ സംബന്ധിച്ചുള്ള നിർവ്വചന പ്രകാരമാണ് ആർ.എ.വൈ പദ്ധതിയിലും ചേരികൾ തെരഞ്ഞെടുക്കപ്പെടുന്നത്. പ്രസ്തുത നിർവ്വചനം അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## ചേരി തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ

**കുറഞ്ഞത് ഒരേക്കർ സ്ഥലത്ത് 200 ആളുകൾ താമസിക്കുന്നു എന്ന കണക്കിൽ ജനസാന്ദ്രത ഉണ്ടാകുന്ന രീതിയിൽ കുറഞ്ഞത് 25 സെന്റിൽ 10 കുടുംബങ്ങൾ എങ്കിലും അധിവസിക്കുന്ന പ്രദേശങ്ങൾ താഴെ പറയുന്ന ഒന്നോ അതിലധികമോ മാനദണ്ഡങ്ങൾക്ക് വിധേയപ്പെടുന്നെങ്കിൽ അവയെ ചേരികളായി പരിഗണിക്കാവുന്നതാണ്.**

1. മാലിന്യക്കൂമ്പാരം, മാലിന്യജലം കെട്ടികിടക്കുന്ന സ്ഥലം,കനാൽ,തുറന്ന ഓടകൾ, അരുവികൾ എന്നിവയോട് ചേർന്നു നിൽക്കുന്ന പ്രദേശം
2. അനഃധികൃത കുടിയേറ്റത്തിന് വിധേയമായിട്ടുള്ള പൊതു പ്രദേശം (റോഡ് പുറമ്പോക്ക്, റെയിൽവേ പുറമ്പോക്ക്,തോട് പുറമ്പോക്ക്,കനാൽ പുറമ്പോക്ക് )
3. വെള്ളക്കെട്ട്, മലിനജലം, ഓട എന്നിവയുള്ള പ്രദേശം
4. താമസിക്കുന്നതിൽ 50% കുടുംബങ്ങളുടെയെങ്കിലും വരുമാന മാർഗ്ഗം അസംഘടിത മേഖലയായിരിക്കണം
5. 50% കുടുംബങ്ങളെങ്കിലും സ്ഥിരമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന പ്രദേശം
6. പകുതിയോളം കുടുംബങ്ങൾക്കെങ്കിലും പൈപ്പ് വെള്ളം ലഭ്യമല്ലാത്ത പ്രദേശം
7. പകുതിയോളം കുടുംബങ്ങൾക്കെങ്കിലും വ്യക്തിഗത കക്കൂസ് ഇല്ലാത്ത പ്രദേശം
8. പകുതിയോളം കുടുംബങ്ങൾക്കെങ്കിലും സ്വന്തമായി കുളിമുറി ഇല്ലാത്ത പ്രദേശം
9. പകുതിയോളം കുടുംബങ്ങൾക്കെങ്കിലും സ്വന്തം വീട്ടിലേക്ക് ഒരുമീറ്ററെങ്കിലും വീതിയുള്ള നടപ്പാത ഇല്ലാത്ത പ്രദേശം
10. തെരുവ് വിളക്കില്ലാത്ത പ്രദേശം
11. 20% കുടുംബങ്ങൾക്കെങ്കിലും അംഗീകൃത വൈദ്യുതി ലഭിച്ചിട്ടില്ലാത്ത പ്രദേശം